**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3068** **11-03-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് അലൈൻമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസിന് 2009-ൽ ഭരണാനുമതി ലഭ്യമായെങ്കിലും നിരവധി തവണയുണ്ടായ ഷെഡ്യൂൾ നിരക്ക് വ്യത്യാസവും സ്ഥലത്തിന്റെ വിലയിലുണ്ടായ ഗണ്യമായ മാറ്റവും കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുതുക്കി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | വടക്കുംകൂർ ബൈപ്പാസിന്റെ പുതുക്കിയ alignment തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി ക്രമീകരിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭ്യമാക്കിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പുതിയ അലൈൻമെന്റ് പ്രകാരം കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് പദ്ധതിക്ക് കടുത്തുരുത്തി ടൗൺ കണക്ടിംഗ് റോഡ് വികസന പദ്ധതി എന്ന് പേര് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പുതുക്കിയ അലൈൻമെന്റിൽ പദ്ധതിയുടെ പേരുമാറ്റം പരിഗണിക്കാവുന്നതാണ്. |
| (സി) | പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ? | (സി) | പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആയതിനു അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ